15 -ാം കേരള നിയമസഭ

7 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 953 07-12-2022 - ൽ മറുപടിയ്ക്ക്

സേഫ് പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സജി ചെറിയാൻ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി വിഭാഗങ്ങളുടെ ഭവന പുനരുദ്ധാരണത്തിനായി നിലവിൽ വകുപ്പ് മുഖേന നടപ്പാക്കി വരുന്ന പദ്ധതികൾ ഏതെല്ലാം എന്ന് വിശദീകരിക്കാമോ; | (എ) | പട്ടികജാതി വിഭാഗങ്ങളുടെ ഭവന പൂർത്തീകരണവും പുനരുദ്ധാരണവും ലക്ഷ്യമിട്ടുകൊണ്ട് "സേഫ്" പദ്ധതി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. ഒരു ലക്ഷം രൂപ വരെ വരുമാന പരിധിയുള്ള കുടുംബങ്ങളെയാണ് പ്രസ്തുത പദ്ധതിയിൽ പരിഗണിക്കുന്നത്. ഈ പദ്ധതിയിൽ പുതിയതായി വകുപ്പ് നിയമിച്ചിട്ടുള്ള അക്രെഡിറ്റെഡ് എൻജിനീയർമാരുടെ സാങ്കേതിക സഹായം ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നുണ്ട് .<br><br>2010 ഏപ്രിൽ 1ന് ശേഷം ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ള കുടുംബങ്ങളെയാണ് ഈ പദ്ധതിയിൽ നിലവിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത തീയതിക്ക് മുന്നേ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളവരെയും കൂടി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിൽ ഇല്ല |
| (ബി) | സേഫ് പദ്ധതി പ്രകാരം 2010-ന് ശേഷം ഭവന നിർമ്മാണം പൂർത്തീകരിച്ചവർക്ക് മാത്രമായി ഭവന പുനരുദ്ധാരണം നിജപ്പെടുത്തിയിട്ടുള്ളതിനാൽ അതിന് മുമ്പ് പൂർത്തീകരിച്ചിട്ടുള്ളതും പുനരുദ്ധാരണം ആവശ്യമായതുമായ വീടുകൾക്ക് അർഹമായ സഹായം ലഭ്യമാകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | പട്ടികജാതി വിഭാഗങ്ങളുടെ ഭവന പൂർത്തീകരണവും പുനരുദ്ധാരണവും ലക്ഷ്യമിട്ടുകൊണ്ട് "സേഫ്" പദ്ധതി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. ഒരു ലക്ഷം രൂപ വരെ വരുമാന പരിധിയുള്ള കുടുംബങ്ങളെയാണ് പ്രസ്തുത പദ്ധതിയിൽ പരിഗണിക്കുന്നത്. ഈ പദ്ധതിയിൽ പുതിയതായി വകുപ്പ് നിയമിച്ചിട്ടുള്ള അക്രെഡിറ്റെഡ് എൻജിനീയർമാരുടെ സാങ്കേതിക സഹായം ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നുണ്ട് .<br><br>2010 ഏപ്രിൽ 1ന് ശേഷം ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ള കുടുംബങ്ങളെയാണ് ഈ പദ്ധതിയിൽ നിലവിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത തീയതിക്ക് മുന്നേ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളവരെയും കൂടി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിൽ ഇല്ല |

| | | | |
|---|---|---|---|
| (സി) | സാങ്കേതികമായി പരിശോധിച്ച് ഭവന അറ്റകുറ്റപ്പണികൾക്ക് അർഹതയുള്ളതും പുതിയ ഭവന നിർമ്മാണത്തിന്റെ ആവശ്യകത ഇല്ലാത്തതുമായ എല്ലാ കുടുംബങ്ങൾക്കും അറ്റകുറ്റപ്പണികൾക്ക് സഹായം ലഭ്യമാകുന്ന തരത്തിൽ പദ്ധതി ആവിഷ്കരിക്കുന്ന വിഷയം പരിഗണിക്കുമോ? | (സി) | നിലവിൽ പരിഗണനയിൽ ഇല്ല |

സെക്ഷൻ ഓഫീസർ